**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6323** **10-07-2024 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 20 കോടി രൂപ അനുവദിച്ച വണ്ടാഴി-കിഴക്കഞ്ചേരി- കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (എ) | 2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കു വേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ 17.95 കോടി രൂപയുടെയും 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും, ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയാണ് ഒന്നാംഘട്ട പ്രവൃത്തിയിലുൾപ്പെട്ടിരുന്നത്. പദ്ധതിയുടെ 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെയും മംഗലംഡാമിൽ നിർമ്മിക്കുന്ന 24.50 ലക്ഷം സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി യുടെയും 83% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 600 എം.എം. ഡി.ഐ. കെ.9 പൈപ്പ് - 51 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി, ക്ലിയർ വാട്ടർ പമ്പ് സെറ്റ് - 3 എണ്ണം, 650 കെ.വി.എ. ട്രാൻസ്ഫോർമർ, സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. ടി പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം എടുക്കുന്നതിനാൽ ടി പ്രവൃത്തി പുനഃക്രമീകരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ